കേരള നിയമസഭാ നടപടികൾ

ആറാം കേരള നിയമസഭ

ഏഴാം സമ്മേളനം

1982 ഫെബ്രുവരി 4, വ്യാഴം

വാല്യം LV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭ 1982 ഫെബ്രുവരി 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. മേശപ്പുറത്തുവച്ച കടലാസുകൾ

(1) ഉപമുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ) : സർ, 1982-ലെ കേരള അവശ്യസാധന നിയന്ത്രണം (താൽക്കാലിക അധികാരങ്ങൾ) തുടർന്നു പോകൽ ഓർഡിനൻസ് (1982-ലെ 1-ാം നമ്പർ ഓർഡിനൻസ്) മേശപ്പുറത്തു വയ്ക്കുന്നു.

(2) തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) :

സർ, 1981-ലെ കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (1981-ലെ 6-ാം നമ്പർ ഓർഡിനൻസ്) മേശപ്പുറത്തു വയ്ക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : Sir, Point of order. When the House is discussing a no confidence motion, it is not permissible and advisable to discuss any other Government business. ഇതിനൊരു റൂളിംഗ് വേണം. നോ കോൺഫിഡൻസ് പ്രമേയം ചർച്ച ചെയ്തു കൊണ്ടിരിക്കുമ്പോൾ ഗവൺമെന്റ് ബിസിനസ് യാതൊന്നും ട്രാൻസാക്ട് ചെയ്യാൻ പാടില്ലെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ച് ഇവിടെ നോ കോൺഫിഡൻസ് മോഷൻ സഭയിലിരിക്കുമ്പോൾ അതു തീരാതെ intervening ആയിട്ട് ആ discussion-നെ കുറിച്ചു ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ്, in the midst of the discussion ഗവൺമെന്റ് ബിസിനസ് ട്രാൻസാക്ട് ചെയ്യാൻ പാടില്ലെന്നുള്ളതാണ് കൺവെൻഷൻ. അതുകൊണ്ട് അതിനൊരു റൂളിംഗ് വേണം. അങ്ങ് നിഷ്പക്ഷമായി റൂളിംഗ് തരണം.

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി) : നിയമസഭയുടെ റൂളുകൾ അനുസരിച്ചു തന്നെ ചില പേപ്പേഴ്സ് നിയമസഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതായിട്ടുണ്ട്. നോ കോൺഫിഡൻസ് മോഷന്റെ ഡിസ്കഷൻ അതിനു ബാധകമല്ല.

2/2076/82/V.